**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **19-09-2025 - ൽ മറുപടിയ്ക്ക്**

**നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസ്, മാറാക്കര വില്ലേജ് ഓഫീസ് എന്നിവയുടെ കെട്ടിട നിർമാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ, നടുവട്ടം, മാറാക്കര എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നതും അതിൽ നടുവട്ടം വില്ലേജ് ഓഫീസ് നിർമാണ പ്രവൃത്തിയ്ക്കായുള്ള പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റടങ്ങുന്ന ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ 16.09.2025 തീയതിയിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ പരിശോധനയിലുമാണ്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കലക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശവും ആയത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളടങ്ങുന്ന മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലെ DCMPM/3620/2024-G7 നമ്പർ ഫയൽ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ LR/1380/2024-LR(M2) നമ്പർ ഫയൽ എന്നിവയിലെ നോട്ട് ഫയലുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കാമോ; പ്രവൃത്തികൾ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റടങ്ങുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പ് മേധാവി സർക്കാരിന് സമർപ്പിക്കേണ്ടതും ആയതിന് ഭരണാനുമതി നൽകുന്ന കാര്യം നടപടിക്രമങ്ങൾ പാലിച്ച് പരിശോധിക്കേണ്ടതായിട്ടുമുണ്ട്. നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ നടുവട്ടം വില്ലേജ് ഓഫീസിന്റെ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. മാറാക്കര വില്ലേജ് |

| | | | |
|---|---|---|---|
| | | | ഓഫീസുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അടിയന്തരമായി ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**Note # 1**

**കാര്യാലയക്കുറിപ്പുകൾ**

**സമർപ്പണം**

വിഷയം : കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് - സംബന്ധിച്ച്.

സൂചന : (1) 16.10.2020 ലെ സ.ഉ. (സാധാ) 3169/2020/റവ ഉത്തരവ്.
(2) കേരള ബഡ്ജറ്റ് 2024-25 - ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ - Work Appendix Vol II -Sl. No. 1073

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതവും 2024- 25 സാമ്പത്തിക വർഷം സൂചന (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. സൂചന (1) ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം നവീകരണം വഴി സ്മാർട്ട് പദ്ധതിയിൽ നടുവട്ടം വില്ലേജ് ഓഫീസ് ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ ഫയൽ ഉത്തരവുകൾക്കായി സമർപ്പിക്കുന്നു.

**05/02/2024 07:15 PM** | **VIDYA SAGAR**
**LR(M2) CLR**

---

**Note # 2**

മലപ്പുറം ജില്ലയിലെ നടുവട്ടം വില്ലേജ് ഓഫീസ് 2020-21 സാമ്പത്തിക വർഷം നവീകരണം വഴി സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതവും 2024- 25 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളതുമാണ്. ടി വിഷയം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണെങ്കിൽ ഉത്തരവിനായി

**07/02/2024 01:50 PM** | **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 3**

discuss

**07/02/2024 01:58 PM** | **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 4**

submitting the file to speak.

**07/02/2024 05:08 PM** | **PREETHA RAGHAVAN**
**JS LR(M) CLR**

---



Generated from eOffice by SHAFEENA B, LR (M2)_CLR, LR(M2) CLR, LAND REVENUE COMMISSIONERATE on 17/09/2025 04:38 PM

**Note # 5**

take up with Govt.

**08/02/2024 02:33 PM** **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 6**

**08/02/2024 02:41 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 7**

നോട്ട് #5 ലെ നിർദ്ദേശപ്രകാരം ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി.

**09/02/2024 11:16 AM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 8**

നോട്ട് #5 ലെ നിർദ്ദേശം കണ്ടാലും. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കുള്ള കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്.

**14/02/2024 12:36 PM** **JAYAPRASAD.T**
**JS LR(M) CLR**

---

**Note # 9**

Approved.

**14/02/2024 01:48 PM** **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 10**

സൂചന : 11.03.2024 ലെ റവ-എഫ്2/71/2024-റവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .2020-21 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടുവട്ടം വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയതിൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദേശം നൽകാവുന്നതാണ്. ഉത്തരവെങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി.

**12/03/2024 11:43 AM** **VIDYA SAGAR**

**Note # 11**

2020-21 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടുവട്ടം വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയതിൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാരിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദേശം നൽകാവുന്നതാണ്. ജില്ലാ കളക്ടർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി--DFA/196115.

**13/03/2024 02:57 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 12**

approved.

**15/03/2024 02:38 PM** **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 13**

**15/03/2024 03:20 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 14**

സൂചന : (1) 11.03.2024 ലെ റവ-എഫ്2/71/2024-റവ നമ്പർ കത്ത്.

**(2) 21.03.2024 ലെ DCMPM/3620/2024 - G7 നമ്പർ കത്ത് .**

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടുവട്ടം വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയതിൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ സിവിൽ വർക്കും, ഇലക്ട്രിക്കൽ വർക്കും പൂർണ്ണമായും തീർന്നിട്ടുള്ളതാണെന്നും , കെ.എസ്.ഇ.ബി യിൽ നിന്നും വൈദ്യുത കണക്ഷൻ ലഭ്യമാകുന്ന മുറക്ക് പുതിയ നിർമ്മിതിയിൽ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും സൂചന (2) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിവരം തുടർനടപടികൾക്കായി സർക്കാരിലേക്ക് അറിയിക്കാവുന്നതാണ് . കത്തിന്റെ കരട് അംഗീകാരത്തിനായി .

**22/03/2024 10:48 AM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 15**

സർക്കാരിലേക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി --DFA/198079.

**22/03/2024 12:04 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 16**

Approved.

**23/03/2024 01:52 PM** **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 17**

**23/03/2024 02:01 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 18**

സൂചന : 03.04.2024 ലെ റവ-എഫ്2/71/2024-റവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ നടുവട്ടം വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തി പൂർണ്ണമായും തീർന്നിട്ടുള്ളതായും , താമസംവിനാ പുതിയ നിർമ്മിതിയിൽ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ , നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട് . ആയത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണെങ്കിൽ മലപ്പുറം ജില്ലാ കളക്ടർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി.

**05/04/2024 05:22 PM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 19**

മലപ്പുറം ജില്ലാ കളക്ടർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി---DFA/200017

**06/04/2024 10:44 AM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 20**

approved.

**08/04/2024 09:23 AM** **JAYAKUMARAN.S**
**AC(SC) CLR**

---

**Note # 21**

**08/04/2024 10:44 AM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 22**

സൂചന : (1) ഈ കാര്യാലയത്തിലെ 08.04.2024 ലെ മേൽ നമ്പർ കത്ത്.
(2) 05.08.2024 ലെ റവ-എഫ് 2/71/2024-റവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടങ്കൽ തുകയായ ഒരു കോടി രൂപയുടെ 20% - 20 ലക്ഷം രൂപ 2024- 25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളതിൽ , ടി നിർമ്മാണത്തിന്റെ പ്ലാൻ അമ്പത് ലക്ഷം രൂപയുടേതാകയാൽ , ബാക്കി വരുന്ന അമ്പത് ലക്ഷം രൂപ മാറാക്കര വില്ലേജിന് അനുവദിക്കണമെന്ന് ബഹു. കോട്ടയ്ക്കൽ എം.എൽ.എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ , ടി വിഷയത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാരിൽ നിന്ന് സൂചന (2) പ്രകാരം നിർദേശിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നടുവട്ടം വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ , നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (1) പ്രകാരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല.ആയത് ലഭ്യമാക്കുന്നതിനോടൊപ്പം , മേൽ വിഷയത്തിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഉത്തരവെങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി.

**09/08/2024 04:15 PM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 23**

മലപ്പുറം ജില്ലയിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ , നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് അയയ്ക്കുന്ന കത്തിന്റെ കരട് അംഗീകാരത്തിനായി.

**12/08/2024 04:03 PM** **PREETHA RAGHAVAN**

**Note # 24**

അംഗീകരിച്ചു.

**13/08/2024 12:02 PM**

**JAYA V C**
**AC(SC) CLR**

**Note # 25**

**13/08/2024 12:13 PM**

**PREETHA RAGHAVAN**
**JS LR(M) CLR**

**Note # 26**

**സൂചന : (1) 03.04.2024 ലെ റവ-എഫ് 2/71/2024-റവ നമ്പർ കത്ത്.**

**(2) 05.08.2024 ലെ റവ-എഫ് 2/71/2024-റവ നമ്പർ കത്ത്.**

**(3) 27.09.2024 ലെ DCMPM/3620/2024-G7 നമ്പർ കത്ത്.**

**2020-21** പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽ കിയ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തി പൂർണ്ണമായും തീർന്നിട്ടുള്ളതായും , താമസംവിനാ പുതിയ നിർമ്മിതിയിൽ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ , നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന **(1)** പ്രകാരം നിർദ്ദേശിച്ചിരുന്നു.ആയതിനുള്ള മറുപടി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന **(3)** പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- മുൻഭാഗത്തെ പുതിയ കെട്ടിടത്തിലും, പിൻഭാഗത്തെ കെട്ടിടത്തിലുമായി രണ്ടു ബ്ലോക്കുകളിലായാണ് നടുവട്ടം വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത്.
- മുൻഭാഗത്തെ പുതിയ കെട്ടിടം **14.46** ലക്ഷം രൂപയുടെ ഭരണാനുമതിയോട് കൂടി സ്മാർട്ട് വില്ലേജ് നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി **2023** ൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടമാണ്.
- **22** വർഷം പഴക്കമുള്ള പിൻ വശത്തുള്ള പഴയ കെട്ടിടത്തിൽ ഒരു ഹാളും, ഓഫീസ് റൂം, റെക്കോർഡ് റൂം, ശുചിമുറി എന്നിവയാണ് ഉള്ളത്.

- ഈ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പരിശോധിച്ചതിൽ , തറയ്ക്ക് കാര്യമായ കേടുപാടുകളില്ലാത്തതും , എന്നാൽ ലിൻ്റൽ, സൺഷെയ്ഡ്, റൂഫ് സ്ലാബ് കോൺക്രീറ്റ് എന്നിവയ്ക്ക് കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചിട്ടുള്ളതും , കോൺക്രീറ്റിലെ റീ - ഇൻഫോഴ്സ്മെൻ്റ് സ്റ്റീൽ ദ്രവിച്ചു പോകുന്നതായി കാണപ്പെട്ടിട്ടുള്ളതുമാണ്.

ഇത് സ്ലാബിൻ്റെയും മറ്റു കോൺക്രീറ്റ് ഇനങ്ങളുടേയും ബലത്തെ കാര്യമായി ബാധിക്കുന്ന കാര്യമായതിനാൽ നിലവിലുള്ള പുതിയ കെട്ടിടത്തിൻ്റെ സൗകര്യങ്ങൾ കൂടാതെ ബാക്കി ആവശ്യമുള്ള സൗകര്യങ്ങൾക്ക് വേണ്ടി പഴയ ബ്ലോക്കിൻ്റെ സ്ഥാനത്ത് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതവും 2024- 25 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ , നടുവട്ടം വില്ലേജ് ഓഫീസ് പഴയ കെട്ടിടം പൊളിച്ചുമാറ്റി ആവശ്യമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതും ടി വിവരം സർക്കാരിലേക്ക് അറിയിക്കാവുന്നതുമാണ്. ഉത്തരവെങ്കിൽ സർക്കാരിലേക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി.-**DFA/226451 - A**

നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടങ്കൽ തുകയായ ഒരു കോടി രൂപയുടെ **20%** - **20** ലക്ഷം രൂപ **2024- 25** സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളതിൽ , ടി നിർമ്മാണത്തിനായി റവന്യൂ വകുപ്പിന്റെ പ്ലാൻ അനുസരിച്ചുള്ള തുക അമ്പത് ലക്ഷം രൂപയുടേതാകയാൽ , ബാക്കി അമ്പത് ലക്ഷം രൂപ മാറാക്കര വില്ലേജിന് അനുവദിക്കണമെന്ന് ബഹു. കോട്ടയ്ക്കൽ എം.എൽ.എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ , ടി വിഷയത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാരിൽ നിന്ന് സൂചന **(2)** പ്രകാരം നിർദേശിച്ചിരുന്നതും ആയത് സംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിരുന്നതുമാണ് . എന്നാൽ ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ സമർപ്പിച്ചതായി കാണുന്നില്ല. ആയത് അടിയന്തരമായി സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ് .

ഉത്തരവെങ്കിൽ  കത്തിന്റെ കരട് അംഗീകാരത്തിനായി.-**DFA/226452** - **B**

**28/09/2024 06:59 PM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 27**

നടുവട്ടം വില്ലേജ് ഓഫീസ് പഴയ കെട്ടിടം പൊളിച്ചുമാറ്റി  ആവശ്യമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള  പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി വിവരം സർക്കാരിലേക്കു സമർപ്പിക്കുന്ന കത്തിന്റെ കരട് അംഗീകാരത്തിനായി. -**DFA/226451** -

നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടങ്കൽ തുകയായ ഒരു കോടി രൂപയുടെ 20% -  20 ലക്ഷം രൂപ  2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളതിൽ, ടി നിർമ്മാണത്തിനായി റവന്യൂ വകുപ്പിന്റെ പ്ലാൻ അനുസരിച്ചുള്ള തുക 50ലക്ഷം രൂപയുടേതാകയാൽ, ബാക്കി  50ലക്ഷം രൂപ മാറാക്കര വില്ലേജിന്  അനുവദിക്കണമെന്ന വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് അയക്കുന്ന കത്തിന്റെ കരട് അംഗീകാരത്തിനായി . -**DFA/226452** .

**30/09/2024 12:39 PM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 28**

ജില്ലാ കളക്ടർക്കുള്ള കത്ത് അംഗീകരിച്ചു.
സർക്കാരിലേക്കുള്ള കത്ത് അംഗീകരിക്കാവുന്നതാണ്.

**03/10/2024 12:24 PM** **PRIYA I NAIR**
**AC(SC) CLR**

---

**Note # 29**

**Appd**

**03/10/2024 06:21 PM** **A GEETHA IAS**
**JC CLR**

---

**Note # 30**

**04/10/2024 10:36 AM** **PRIYA I NAIR**
**AC(SC) CLR**

---

**Note # 31**

സൂചന : (1) 05.08.2024 ലെ റവ-എഫ് 2/71/2024-റവ നമ്പർ കത്ത്.
(2) 07.10.2024 ലെ DCMPM/3620/2024-G7 കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോട്ടക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടങ്കൽ തുകയായ ഒരു കോടി രൂപയുടെ 20% - 20 ലക്ഷം രൂപ 2024 - 25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളതിൽ , ടി നിർമ്മാണത്തിനായി റവന്യൂ വകുപ്പിന്റെ പ്ലാൻ അമ്പത് ലക്ഷം രൂപയുടേതാകയാൽ ,ബാക്കി വരുന്ന അമ്പത് ലക്ഷം രൂപ മാറാക്കര വില്ലേജിന് അനുവദിക്കണമെന്ന് ബഹു. കോട്ടയ്ക്കൽ എം.എൽ.എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ , ടി വിഷയത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാരിൽ നിന്ന് സൂചന (1) പ്രകാരം നിർദേശിച്ചിരുന്നു.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനുള്ള 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ മാറാക്കര വില്ലേജ് ഉൾപ്പെടുത്തിയിട്ടുള്ളതായും, നടുവട്ടം വില്ലേജ് പഴയ കെട്ടിടം നിൽക്കുന്നിടത്ത് സ്മാർട്ട് വില്ലേജ് നിർമ്മിക്കുന്നതിലേക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് തിരൂർ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും സൂചന (2) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

മാറാക്കര വില്ലേജിന് സ്മാർട്ട് കെട്ടിടം ആവശ്യമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ , 2024 - 25 സാമ്പത്തിക വർഷത്തെ Work Appendix Vol II - Sl. No. 1073 പ്രകാരം നടുവട്ടം വില്ലേജ് ഓഫീസ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 50 ലക്ഷം രൂപ മാറാക്കര വില്ലേജിന് മാറ്റി അനുവദിക്കുന്നതിനായി സർക്കാർ തീരുമാനം ആവശ്യമുള്ളതായി കാണുന്നു. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണെങ്കിൽ സർക്കാരിലേക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി-DFA/228383.

**07/10/2024 06:12 PM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 32**

നടുവട്ടം വില്ലേജ് ഓഫീസ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച



File No. LR/1380/2024-LR(M2) (Computer No. 99704)
Generated from eOffice by SHAFEENA B, LR (M2)_CLR, LR(M2) CLR, LAND REVENUE COMMISSIONERATE on 17/09/2025 04:38 PM

ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 50 ലക്ഷം രൂപ മാറാക്കര വില്ലേജിന് മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ആവശ്യമുള്ളതായി കാണുന്നു. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. സർക്കാരിലേക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി----**DFA/228383.**

**08/10/2024 10:41 AM** **PREETHA RAGHAVAN**
**JS LR(M) CLR**

---

**Note # 33**
**Draft letter to Govt. put up for approval**

**08/10/2024 11:21 AM** **PRIYA I NAIR**
**AC(SC) CLR**

---

**Note # 34**
**Appd**

**08/10/2024 03:57 PM** **A GEETHA IAS**
**JC CLR**

---

**Note # 35**

**08/10/2024 04:42 PM** **PRIYA I NAIR**
**AC(SC) CLR**

---

**Note # 36**
സൂചന : (1) 04.02.2025 ലെ റവ-എഫ്2/71/2024-റവ നമ്പർ കത്ത്.
(2) ബഹു. കോട്ടയ്ക്കൽ എം.എൽ.എ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 06.02.2025 ലെ കത്ത്.

സൂചനയിലേക്കും മേൽ നോട്ടുകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.2024-25 സാമ്പത്തിക വർഷം ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II വാല്യം II ക്രമ നമ്പർ 1073 ൽ ഉൾപ്പെടുത്തിയ "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയിൽ നിന്നും 50 ലക്ഷം രൂപ ഇതേ വർഷം ക്രമ നമ്പർ 573 ആയി രേഖപ്പെടുത്തിയിട്ടുള്ള "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം " എന്ന പ്രവൃത്തിക്കായി നൽകിക്കൊണ്ട് ഉത്തരവായതായി സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം, മാറാക്കര എന്നീ വില്ലേജുകളുടെ നിലവിലെ അവസ്ഥയും ആയത് സംബന്ധിച്ച്



File No. LR/1380/2024-LR(M2) (Computer No. 99704)

Generated from eOffice by SHAFEENA B, LR (M2)_CLR, LR(M2) CLR, LAND REVENUE COMMISSIONERATE on 17/09/2025 04:38 PM

ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ച നടപടികളും സൂചന (2) പ്രകാരം ആരാഞ്ഞിട്ടുണ്ട്.

നടുവട്ടം വില്ലേജ് ഓഫീസ് പഴയ കെട്ടിടം പൊളിച്ചുമാറ്റി ആവശ്യമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽ കിയിരുന്നതും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്.

ടി സാഹചര്യത്തിൽ , നടുവട്ടം , മാറാക്കര വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി **50** ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ നിർദ്ദേശം നൽകാവുന്നതും ടി വിവരം ബഹു. എം.എൽ.എ യെ അറിയിക്കാവുന്നതുമാണ്. ഉത്തരവെങ്കിൽ,

ജില്ലാ കളക്ടർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി-**DFA/253623**

ബഹു. എം.എൽ.എ ക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി **-DFA/253624**

**08/02/2025 11:50 PM** **VIDYA SAGAR**
**LR(M2) CLR**

---

**Note # 37**

നടുവട്ടം , മാറാക്കര വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി **50** ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ നിർദ്ദേശം നൽകാവുന്നതും ടി വിവരം ബഹു. എം.എൽ.എ യെ അറിയിക്കാവുന്നതുമാണ്. ഉത്തരവെങ്കിൽ,

ജില്ലാ കളക്ടർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി-**DFA/253623**

ബഹു. എം.എൽ.എ ക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി **-DFA/253624**

**10/02/2025 05:00 PM** **SULEKHA V**
**JS LR(M) CLR**

---

**Note # 38**

അംഗീകരിച്ചു.

**10/02/2025 05:48 PM** **AJEESH K**
**AC(SC) CLR**

**Note # 39**

സൂചന : (1) 15ാം കേരള നിയമസഭ 13ാം സമ്മേളനം നക്ഷത്രചിഹ്നമിടാത്ത
3405ാം നമ്പർ ചോദ്യം.
(2) 05.03.2025 ലെ DCMPM/3294/2025-G7 നമ്പർ കത്ത്.

സൂചനയിലേക്കും മേൽ നോട്ടുകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, മലപ്പുറം ജില്ലാ കളക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടി, എന്നീ വിവരങ്ങൾ നോട്ട് ഫയലിന്റെ പകർപ്പ് സഹിതം സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II വാല്യം II ക്രമ നമ്പർ 1073 ൽ ഉൾപ്പെടുത്തിയ "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയിൽ നിന്നും 50 ലക്ഷം രൂപ ഇതേ വർഷം ക്രമ നമ്പർ 573 ആയി രേഖപ്പെടുത്തിയിട്ടുള്ള "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം " എന്ന പ്രവൃത്തിക്കായി നൽകിക്കൊണ്ട് 06.01.2025 ലെ സ.ഉ. (സാധാ) നം.136/2025/FIN നമ്പർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ നിർദ്ദേശം നൽകിയിരുന്നതും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്.

സൂചന (2) കത്തിലെ വിവരങ്ങളുടെ കൂടി അടിസ്ഥാനത്തിൽ സൂചന ( 1 ) ചോദ്യത്തിനുള്ള മറുപടി സർക്കാരിൽ സമർപ്പിക്കാവുന്നതാണെങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**06/03/2025 01:01 PM** **VIDYA SAGAR**
**LR(M2) CLR**

**Note # 40**

നിയമസഭാചോദ്യം 3405 നുള്ള മറുപടി അംഗീകാരത്തിനായി സമർപ്പിക്കുന്നു



File No. LR/1380/2024-LR(M2) (Computer No. 99704)

Generated from eOffice by SHAFEENA B, LR (M2)_CLR, LR(M2) CLR, LAND REVENUE COMMISSIONERATE on 17/09/2025 04:38 PM

**06/03/2025 02:27 PM** **SULEKHA V**
**JS LR(M) CLR**

---

## Note # 41

അംഗീകരിച്ചു.

**06/03/2025 03:18 PM** **AJEESH K**
**AC(SC) CLR**

---

## Note # 42

**PWD ചീഫ്എഞ്ചിനീയറുടെ 18/07/2025 തീയതിയിലെ CE/BL/PL3MLPM/19139/2024_5_1_1 നമ്പർ കത്ത്**

**2024-25** സാമ്പത്തിക വർഷം ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം **II** വാല്യം **II** ക്രമ നമ്പർ **1073** ൽ ഉൾപ്പെടുത്തിയ "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയിൽ നിന്നും **50** ലക്ഷം രൂപ ഇതേ വർഷം ക്രമ നമ്പർ **573** ആയി രേഖപ്പെടുത്തിയിട്ടുള്ള "കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം " എന്ന പ്രവൃത്തിക്കായി നൽകിക്കൊണ്ട് **06.01.2025** ലെ സ.ഉ.(സാധാ) നം.**136/2025/FIN** നമ്പർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി **50** ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക്**10/02/2025** തീയതിയിൽ നിർദ്ദേശം നൽകിയിരുന്നു.

ആയതിൽ **നടുവട്ടം വില്ലേജ് ഓഫീസിന്റെ DSoR 2021** പ്രകാരമുള്ള എസ്റ്റിമേറ്റ് **PWD** ചീഫ് എഞ്ചിനീയർ സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. ആയത് മലപ്പുറം ജില്ലാ കളക്ടർ മുഖേന സമർപ്പിക്കുവാൻ **PWD** ചീഫ് എഞ്ചിനീയറോട് നിർദേശിക്കാവുന്നതാണ് എന്ന് കാണുന്നു. യോജിക്കുന്ന പക്ഷം കത്തിന്റെ കരട് അംഗീകാരത്തിനായി

**25/07/2025 04:07 PM** **SHAFEENA B**
**LR(M2) CLR**

---

## Note # 43

**PWD** ചീഫ് എഞ്ചിനീയർക്കുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി

**25/07/2025 04:14 PM** **SULEKHA V**
**JS LR(M) CLR**

---



File No. LR/1380/2024-LR(M2) (Computer No. 99704)

Generated from eOffice by SHAFEENA B, LR (M2)_CLR, LR(M2) CLR, LAND REVENUE COMMISSIONERATE on 17/09/2025 04:38 PM

**Note # 44**

അംഗീകരിച്ചു.

**25/07/2025 04:21 PM** **AJEESH K**
**AC(SC) CLR**

---

**Note # 45**

**മലപ്പുറം ജില്ലാ കളക്ടറുടെ 16/09/2025 തീയതിയിലെ DCMPM/3620/2024-G7 നമ്പർ കത്ത്**

നടുവട്ടം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ **DSoR 2021** പ്രകാരമുള്ള എസ്റ്റിമേറ്റ് മലപ്പുറം ജില്ലാ കളക്ടർ സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. ആയത് തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കാവുന്നതാണ് . യോജിക്കുന്ന പക്ഷം കത്തിന്റെ കരട് **(DFA/306135)** അംഗീകാരത്തിനായി

**16/09/2025 03:16 PM** **SHAFEENA B**
**LR(M2) CLR**

---

**Note # 46**

സർക്കാരിലേക്കുള്ള കത്തിന്റെ കരട് **(DFA/306135)** അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**16/09/2025 04:14 PM** **SULEKHA V**
**JS LR(M) CLR**

---

**Note # 47**

അംഗീകരിച്ചു.

**16/09/2025 04:18 PM** **AJEESH K**
**AC(SC) CLR**

---

**Note # 1**

കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ നിർമ്മാണ പുരോഗതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണർക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**20/03/2024 12:56 PM** **VIVEK S I**
**G7 DCMPM**

---

**Note # 2**
അംഗീകരിക്കാവുന്നതാണ്

**20/03/2024 04:26 PM** **SUNEETHA M**
**JS(G) DCMPM**

---

**Note # 3**
അംഗീകരിച്ചു

**21/03/2024 10:00 AM** **K MANIKANDAN**
**ADM DCMPM**

---

**Note # 4**

തിരൂർ താലൂക്കിലെ നടുവട്ടം വില്ലേജ്ഓഫീസ് നവീകരണം വഴി പണിപൂർത്തീകരിച്ചതിനാൽ ടി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് പുതിയ കെട്ടിടം ആവശ്യമുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാൻ ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടതിൻ പ്രകാരം തിരൂർ തഹസിൽദാർക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**08/04/2024 03:58 PM** **VIVEK S I**
**G7 DCMPM**

---

**Note # 5**
സൂചന കണ്ടാലും. തിരൂർ തഹസിൽദാർക്കുള്ള കത്ത് അംഗീകരിക്കാവുന്നതാണ്

**08/04/2024 04:04 PM** **SUNEETHA M**
**JS(G) DCMPM**

---

**Note # 6**
അംഗീകരിച്ചു

**08/04/2024 04:37 PM** **K MANIKANDAN**
**ADM DCMPM**

---

**Note # 7**
നടുവട്ടം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ച്



File No. DCMPM/3620/2024-G7 (Computer No. 284794)

Generated from eOffice by JUNAID C P, G7 DCMPM., G7 DCMPM, District Collectorate Malappuram on 16/09/2025 02:57 PM

ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന് നിലവിൽ പുതിയ കെട്ടിടം ആവശ്യമുണ്ടോയെന്ന വിവരം പൊതുമരാമത്ത് വകുപ്പിൽ നിന്ന് ആവശ്യപ്പെടാമെന്ന് തിരൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാങ്കേതിക വശങ്ങൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**14/08/2024 03:29 PM** **VIVEK S I**
**G7 DCMPM**

---

**Note # 8**
തിരൂർ താലൂക്കിലെ നടുവട്ടം വില്ലേജ്ഓഫീസ് നവീകരണം വഴി പണിപൂർത്തീകരിച്ചതിനാൽ ടി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് പുതിയ കെട്ടിടം ആവശ്യമുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാൻ ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടതിൻ പ്രകാരം തിരൂർ തഹസിൽദാരോട് ആരാഞ്ഞിരുന്നു.പഴയ വില്ലജ് ഓഫീസ് കെട്ടിടത്തിന്റെ സാങ്കേതിക വശങ്ങൾ സംബന്ധിച്ച പൊതുമരാമത്ത വകുപ്പിൽ നിന്നും അഭിപ്രായം തേടേണ്ടതാണെന്നാണ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് .സാങ്കേതിക വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർക്കുള്ള കത്ത് തയ്യാറാക്കിയത് അംഗീകരിക്കാവുന്നതാണ്.

**14/08/2024 05:41 PM** **SUNEETHA M**
**JS(G) DCMPM**

---

**Note # 9**
അംഗീകരിച്ചു

**16/08/2024 12:54 PM** **K MANIKANDAN**
**ADM DCMPM**

---

**Note # 10**
സൂചന കണ്ടാലും, നടുവട്ടം വില്ലേജ് ഓഫീസ് പഴയ കെട്ടിടത്തിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ച് സൂചന 2 പ്രകാരം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ നടുവട്ടം വില്ലേജ് ഓഫീസ് നിലവിൽ മുൻഭാഗത്തെ പുതിയ കെട്ടിടത്തിലും, പിൻ ഭാഗത്തെ പഴയ കെട്ടിടത്തിലുമായി രണ്ടു ബ്ലോക്കുകളിലായാണ് പ്രവർത്തിക്കുന്നതെന്നും, മുൻഭാഗത്തെ പുതിയ കെട്ടിടം 14.46 ലക്ഷം രൂപയുടെ ഭരണാനുമതിയോട് കൂടി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് 2023 ൽ പൂർത്തീകരിച്ച് നൽകിയ കെട്ടിടമാണെന്നും, പിൻ വശത്തുള്ള പഴയ കെട്ടിടത്തിൽ ആകെ ഒരു ഹാളും, ഓഫീസ് റൂം, റെക്കോർഡ് റൂം, പിൻഭാഗത്തുള്ള ടോയ് ലറ്റ് എന്നിവയാണ് ഉള്ളതെന്നും, ടി



File No. DCMPM/3620/2024-G7 (Computer No. 284794)

Generated from eOffice by JUNAID C P, G7 DCMPM., G7 DCMPM, District Collectorate Malappuram on 16/09/2025 02:57 PM

കെട്ടിടത്തിന് കുറ്റിപ്പുറം പഞ്ചായത്തിൽ നിന്നും ലഭ്യമായ എയ്ജ് സർട്ടിഫിക്കറ്റ് അനുസരിച്ച് 22 വർഷം പഴയക്കമുണ്ടെന്നും, ഈ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പരിശോധിച്ച് തറയ്ക്ക് കാര്യമായ കേടുപാടുകളില്ലെന്നും, എന്നാൽ ലിന്റൽ, സൺഷെയ്ഡ്, റൂഫ് സ്ലാബ് കോൺക്രീറ്റ് എന്നിവയ്ക്ക് കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും കൂടാതെ കോൺക്രീറ്റിലെ റീ - ഇൻഫോഴ്സ്മെന്റ് സ്റ്റീൽ ദ്രവിച്ചു പോകുന്നതായി കാണപ്പെട്ടു എന്നും ഇത് സ്ലാബിന്റെയും മറ്റു കോൺക്രീറ്റ് ഇനങ്ങളുടേയും ബലത്തെ കാര്യമായി ബാധിക്കുന്ന കാര്യമാണെന്നും, ആയതിനാൽ നിലവിലുള്ള പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ കൂടാതെ ബാക്കി ആവശ്യമുള്ള സൗകര്യങ്ങൾക്ക് വേണ്ടി പഴയ ബ്ലോക്കിന്റെ സ്ഥാനത്ത് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ടി വിവരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിലേക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**27/09/2024 01:21 PM** **VIVEK S I**
**G7 DCMPM**

---

**Note # 11**

അംഗീകരിക്കാവുന്നതാണ്

**27/09/2024 02:59 PM** **SREEJA V K**
**JS(G) DCMPM**

---

**Note # 12**

**27/09/2024 08:38 PM** **MEHARALI N M**
**ADM DCMPM**

---

**Note # 13**

സൂചന കണ്ടാലും, നടുവട്ടം വില്ലേജ് ഓഫീസ് പഴയ കെട്ടിടം പൊളിച്ചുമാറ്റി ആവശ്യമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം അടിയന്തിരമായി സമർപ്പിക്കുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും കത്ത് ലഭ്യമായിട്ടുണ്ട്.

എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിലേക്ക് തിരൂർ തഹസിൽദാർക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**04/10/2024 04:36 PM** **VIVEK S I**





Generated from eOffice by JUNAID C P, G7 DCMPM., G7 DCMPM, District Collectorate Malappuram on 16/09/2025 02:57 PM

**Note # 14**
അംഗീകരിക്കാവുന്നതാണ്

**05/10/2024 10:55 AM** **SREEJA V K**
**JS(G) DCMPM**

**Note # 15**

**05/10/2024 01:03 PM** **MEHARALI N M**
**ADM DCMPM**

**Note # 16**
നടുവട്ടം - മാറാക്കര വില്ലേജുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്ന് കത്ത് ലഭ്യമായിരുന്നു. ടി കത്തിൻ മേൽ ടി വില്ലേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ വിവരങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**05/10/2024 03:39 PM** **VIVEK S I**
**G7 DCMPM**

**Note # 17**
അംഗീകരിക്കാവുന്നതാണ്

**07/10/2024 11:15 AM** **SREEJA V K**
**JS(G) DCMPM**

**Note # 18**

**07/10/2024 11:20 AM** **MEHARALI N M**
**ADM DCMPM**

**Note # 19**

സൂചന കണ്ടാലും, **2024 25** സംസ്ഥാന ബഡ്ജറ്റിൽ **20%** തുക നീക്കിവെച്ച നടുവട്ടം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ ഫണ്ടിൽ നിന്നും **50 %** തുക മാറാക്കര സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട

നിർമ്മാണത്തിന് അനുവദിക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും 136/2025 /FIN Dated 6-1-2025 ബഡ്ജറ്റ് (കെ ) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി സമർപ്പിക്കുന്നതിന് സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.
എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിലേക്ക് തിരൂർ തഹസിൽദാർക്കുള്ള കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**05/03/2025 02:22 PM** — **JUNAID C P**
**G7 DCMPM**

---

**Note # 20**

.

**05/03/2025 03:01 PM** — **SREEJA V K**
**JS(G) DCMPM**

---

**Note # 21**

Note # 19 സാദരം ശ്രദ്ധ ക്ഷണിക്കുന്നു. DCMPM/2874/2024-G7 ഫയലിലെ Note#57 പ്രകാരം എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി സമർപ്പിക്കുന്നതിന് തിരൂർ തഹസിൽദാർക്ക് 11/02/2025 തിയതിയിൽ കത്ത് നൽകിയതാണ്. അതിനാൽ ഓർമകുറിപ്പ് നൽകാവുന്നതാണങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.(11/02/2025 തിയതിയിലെ കത്ത് ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

document-212.pdf

**05/03/2025 03:20 PM** — **JUNAID C P**
**G7 DCMPM**

---

**Note # 22**

ഓർമ്മകുറിപ്പ് അംഗീകരിക്കാവുന്നതാണ്

**05/03/2025 05:57 PM** — **SREEJA V K**
**JS(G) DCMPM**

---

**Note # 23**

**05/03/2025 06:26 PM** — **MEHARALI N M**

**Note # 24**

**2024 25** സംസ്ഥാന ബഡ്ജറ്റിൽ **20%** തുക നീക്കിവെച്ച നടുവട്ടം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ ഫണ്ടിൽ നിന്നും **50 %** തുക മാറാക്കര സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അനുവദിക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും **136/2025 /FIN Dated 6-1-2025** ബഡ്ജറ്റ് (കെ ) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

നടവട്ടം മാറാക്കര വില്ലേജ് ഓഫീസിന്റെയും ഒരുമിച്ച് പ്രപ്പോസൽ സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. എന്നാൽ തഹസിൽദാർ ഇതുവരേയും മാറാക്കര വില്ലേജ് ഓഫീസിന്റെ സമർപ്പിച്ച് കാണുന്നില്ല. നടുവട്ടം സമർപ്പിച്ചിരുന്നത് **Dsor 2018** റേറ്റ് പ്രകാരമാണ്. അതിനാൽ പുതിയ റേറ്റ് പ്രകാരമുള്ളത് സമർപ്പിക്കാൻ നിർദേശിക്കാവുന്നതാണ്.

തഹസിൽദാർക്കുള്ള കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**27/06/2025 09:59 AM** — **JUNAID C P**
**G7 DCMPM**

---

**Note # 25**

കത്ത് അംഗീകരിക്കാവുന്നതാണ്

**27/06/2025 10:46 AM** — **SHIMON ALAPPADAN**
**JS(G) DCMPM**

---

**Note # 26**

**Approved.**

**27/06/2025 01:45 PM** — **PRASEEDA U V**
**SFO DCMPM**

---

**Note # 27**

ഓർമകുറിപ്പ് നല്ലാവുന്നതാണങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**16/08/2025 10:43 AM** — **JUNAID C P**
**G7 DCMPM**

---

**Note # 28**

**16/08/2025 11:38 AM** — **MEHARALI N M**

ADM DCMPM

---

**Note # 29**

തിരൂർ തഹസിൽദാറുടെ **08.09.2025** തിയതിയിലെ TLKTIR/3388/2024-A1 നം കത്ത്

**Note#24** ലേക്കും സൂചനയിലേക്കും സാദരം ശ്രദ്ധ ക്ഷണിക്കുന്നു. പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് സൂചന പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ആയത് പ്രകാരം പ്രപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നല്കാവുന്നതാണെങ്കിൽ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**16/09/2025 12:20 PM**

**JUNAID C P**
**G7 DCMPM**

---

**Note # 30**

**CLR** നുള്ള കത്ത് അംഗീകരിക്കാവുന്നതാണ്

**16/09/2025 01:06 PM**

**For TOMSON GEORGE**
**JS(G) DCMPM**
**SREEJA V K**
**JS(K) DCMPM**

---

**Note # 31**

**16/09/2025 01:22 PM**

**MEHARALI N M**
**ADM DCMPM**

---



File No. DCMPM/3620/2024-G7 (Computer No. 284794)

Generated from eOffice by JUNAID C P, G7 DCMPM., G7 DCMPM, District Collectorate Malappuram on 16/09/2025 02:57 PM